**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6019** **09-11-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ഭക്തരുടെ ആരോഗ്യ സുരക്ഷ, യാത്രാ സുരക്ഷ എന്നിവയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശബരിമല ദർശനത്തിനെത്തുന്ന ഭക്തർക്കായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ, അയ്യപ്പ സേവാ സംഘം, അഖില ഭാരത അയ്യപ്പ സേവാ സമാജം തുടങ്ങിയ സംഘടനകൾ വഴി ഓക്സിജൻ പാർലറുകൾ, സ്ട്രെച്ചർ സർവ്വീസ്, ആംബുലൻസ് സേവനം എന്നിവയും ലഭ്യമാണ്. പമ്പയിൽ നിന്നും നടന്ന് മലകയറാൻ ബുദ്ധിമുട്ടുള്ള തീർത്ഥാടകർക്ക് ഡോളി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിന് സുരക്ഷാ ജീവനക്കാരെയും വിന്യസിച്ചിട്ടുണ്ട്. |
| (ബി) | ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിന്ന് ജീവനക്കാരെ വിന്യസിക്കുന്നത് പൂർത്തിയായോ; വിശദമാക്കുമോ? | (ബി) | ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ലാൻഡ് റവന്യ ,ആരോഗ്യം, ഭക്ഷ്യ പൊതുവിതരണം, ലീഗൽ മെട്രോളജി, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത് പൂർത്തിയായിട്ടുള്ളതാണ്. മറ്റുള്ള വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ